ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.11.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. യു.എസ് പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ ആധികാരിക ജയം നേടി റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡോണൾഡ് ട്രംപ്; ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Republican presidential candidate Donald Trump made a stunning victory in the US presidential election; Prime Minister Narendra Modi extended his best wishes.**

2. ഉന്നത പഠനത്തിനായി വിദ്യാർത്ഥികൾക്ക് സാമ്പത്തിക പിന്തുണ നൽകുന്ന പി.എം വിദ്യാലക്ഷ്മി പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭാ അംഗീകാരം; രാജ്യത്തെ യുവാക്കളെ ശാക്തീകരിക്കാനുള്ള സുപ്രധാന നീക്കമെന്ന് പ്രധാനമന്ത്രി.

   **The Union Cabinet has approved the PM Vidyalakshmi Scheme, which provides financial support to students for higher studies. The Prime Minister said that this is an important move to empower the youth of the country.**

3. ഝാർഖണ്ഡ്, മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പുകൾക്കുള്ള പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയ കക്ഷികൾ; കേരളത്തിലും പ്രചാരണം സജീവം.

   **Political parties have intensified their campaign for the Assembly elections in Jharkhand and Maharashtra; campaigning is also active in Kerala.**

4. കേരളത്തിലെ 653 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് സംവിധാനം സജ്ജമായതായി മന്ത്രി വീണാ ജോർജ്.

Minister Veena George said that e-health facilities have been set up in 653 health institutions in Kerala.

5. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് എഫ് സി ഗോവ - പഞ്ചാബ് എഫ് സി പോരാട്ടം; സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാംസെമിയിൽ കണ്ണൂർ വാരിയർസ് , ഫോഴ്സ് കൊച്ചിയുമായി ഏറ്റുമുട്ടും.

FC Goa vs Punjab FC match in ISL football today; Kannur Warriors will take on Forca Kochi in the second semi-final of the Super League Kerala Football.

&&&&&&&&&&&&&&&&&&

**US - ELECTION ( INTRO)**

യു.എസ് പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ ആധികാരിക വിജയം നേടി റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും മുൻ പ്രസിഡൻറുമായ ഡോണൾഡ് ട്രംപ്. 51 ശതമാനം വോട്ടോടെ 279 ഇലക്ടറൽ സീറ്റുകളിൽ വിജയം നേടിയാണ് അമേരിക്കയുടെ 47-ആം പ്രസിഡൻറായി ട്രംപ് ഭരണമുറപ്പിച്ചത്. ഡെമോക്രാറ്റ് സ്ഥാനാർത്ഥിയും, നിലവിലെ വൈസ് പ്രസിഡൻറുമായ കമലാ ഹാരിസിന് 223 സീറ്റുകളാണ് നേടാനായത്. പെൻസിൽവാനിയ, ജോർജിയ അടക്കമുള്ള നിർണായക സംസ്ഥാനങ്ങളിൽ വിജയം നേടിയാണ് ട്രംപിൻറെ മടങ്ങിവരവ്. പുതിയ ദൗത്യം ഏറെ വെല്ലുവിളികൾ നിറഞ്ഞതാണെന്നും ജനങ്ങൾ അർപ്പിച്ച വിശ്വാസം കാത്തു സൂക്ഷിക്കുമെന്നും ഫ്ലോറിഡയിൽ ജനക്കൂട്ടത്തെ അഭിസംബോധന ചെയ്യവെ ഡോണൾഡ് ട്രംപ് പറഞ്ഞു. (VOICE)

&&&&&&&&&&&&&&&&&&

**PM-TRUMP**

യു എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വിജയിച്ച ഡോണൾഡ് ട്രംപിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്ത്യ - യു എസ് നയതന്ത്ര പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താനുള്ള സഹകരണം പ്രതീക്ഷിക്കുന്നതായി അദ്ദേഹം സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു. ആഗോള സമാധാനം, സുസ്ഥിരത, അഭിവൃദ്ധി എന്നിവയ്ക്കും ഇന്ത്യയിലേയും യു എസിലേയും ജനങ്ങളുടെ പുരോഗതിക്കും യോജിച്ച് പ്രവർത്തിക്കാൻ സാധിക്കട്ടെയെന്നും ശ്രീ നരേന്ദ്ര മോദി പ്രത്യാശ പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&&&

**CABINET-DECISION-VIDYALAXMI (INTRO)**

പഠന മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക പിന്തുണ നൽകുന്നതിനുള്ള പി എം വിദ്യാലക്ഷ്മി പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. പദ്ധതിയിലൂടെ ഉന്നത വിദ്യാഭ്യാസത്തിനായി ഈട് രഹിത വായ്പ ലഭിക്കും. രാജ്യത്തെ യുവജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം നേടുന്നതിന് സാമ്പത്തിക പരിമിതിയുണ്ടാകരുതെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാകുന്നതെന്ന് കേന്ദ്ര വാർത്ത വിതരണ - പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷണവ് ന്യൂഡൽഹിയിൽ മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ പറഞ്ഞു.

(VOICE)

വിദ്യാലക്ഷ്മി പദ്ധതി പ്രകാരം 7.5 ലക്ഷം വരെയുള്ള വായ്പ തുകയ്ക്ക് സർക്കാർ 75 ശതമാനം ഗ്യാരണ്ടി നൽകും. എട്ട് ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് മൊറട്ടോറിയം കാലയളവിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് മൂന്ന് ശതമാനം പലിശ ഇളവ് നൽകും. ഏഴ് ലക്ഷം വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. വിദ്യാഭ്യാസ വായ്പയ്ക്കായി പിഎം വിദ്യാലക്ഷ്മി എന്ന ഏകീകൃത പോർട്ടലിൽ അപേക്ഷിക്കാം.

&&&&&&&&&&&&&&&&&&

**PRADHAN-PM VIDYALAXMI**

പി എം വിദ്യാലക്ഷ്മി പദ്ധതിക്കായി 3,600 കോടി രൂപ നീക്കിവച്ച് മന്ത്രിസഭ അംഗീകാരം നൽകിയത് ഉന്നതവിദ്യാഭ്യാസത്തിനുള്ള തടസ്സങ്ങൾ നീക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ പറഞ്ഞു. പദ്ധതിയുടെ കീഴിൽ ഈടില്ലാത്ത വിദ്യാഭ്യാസ വായ്പകൾ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം വർദ്ധിപ്പിക്കുമെന്ന് അദ്ദേഹം സാമൂഹ്യമാധ്യത്തിലെ പോസ്റ്റിൽ ചൂണ്ടിക്കാട്ടി. വിദ്യാഭ്യാസം നേടുന്നതിൽ വിദ്യാർത്ഥികൾക്ക് സാമ്പത്തിക പരിമിതി തടസമാകില്ലെന്ന് ഈ പദ്ധതി ഉറപ്പാക്കുമെന്നും ഇത് രാജ്യത്തെ യുവാക്കളെ അവരുടെ സ്വപ്നങ്ങൾ പിന്തുടരാൻ പ്രാപ്തരാക്കുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

## CABINET-DECISION-FCI

ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ ഈ സാമ്പത്തിക വർഷത്തിൽ പ്രവർത്തന മൂലധനമായി 10,700 കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിന് കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രിസഭാ സമിതി അംഗീകാരം നൽകി. ഭക്ഷ്യ സംസ്കരണത്തിൽ സുപ്രധാന പങ്ക് വഹിക്കുന്ന എഫ് സി ഐയെ ശാക്തീകരിക്കുന്നതിനാണ് ഈ തീരുമാനമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## KERALA ELECTION

കേരളത്തിലും ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി തുടരുന്നു. വയനാട് ലോക്സഭാ മണ്ഡലത്തിലെ എൽഡിഎഫ് സ്ഥാനാർഥി സത്യൻ മൊകേരിയുടെ പ്രചാരണ കൺവൻഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. യുഡിഎഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ഈ മാസം എട്ടിനും ഒൻപതിനും മൂന്നാംഘട്ട പ്രചാരണത്തിനായി മണ്ഡലത്തിലെത്തും. എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസിന്റെ പ്രചാരണത്തിനായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി വരും ദിവസങ്ങളിൽ മണ്ഡലത്തിലെത്തും. ചേലക്കര, പാലക്കാട് നിയമസഭാ

ഉപതിരഞ്ഞെടുപ്പുകൾക്കുള്ള പ്രചാരണവും ശക്തമായി തുടരുകയാണ്.

&&&&&&&&&&&&&&&&&&

## JHARKHAND – MAHARASHTRA

ഝാർഖണ്ഡിലും മഹാരാഷ്ട്രയിലും നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതം. എൻ ഡി എയുടെ തിരഞ്ഞെടുപ്പ് റാലിയിൽ കേന്ദ്രമന്ത്രിയും ബി ജെ പി നേതാവുമായ ശിവ് രാജ് സിങ്ങ് ചൗഹാൻ പങ്കെടുത്തു. ജഗന്നാഥ് പൂരിൽ നടന്ന തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ JMM മുതിർന്ന നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ത് സോറെൻ സംബന്ധിച്ചു. ഈ മാസം 13, 20 തീയതികളിൽ രണ്ട് ഘട്ടമായാണ് ഝാർഖണ്ഡിൽ വോട്ടെടുപ്പ്. പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ മുതൽ ഈ മാസം 14 വരെ മഹാരാഷ്ട്രയിൽ തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ പങ്കെടുക്കും. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി നാഗ്പൂരിലും മുംബൈയിലും തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. ഈ മാസം 20 ന് ഒറ്റഘട്ടമായാണ് മഹാരാഷ്ട്രയിൽ വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&&

## JAISHANKAR – AUSTRALIA

വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആൻ്റണി അല്‌ബാനീസുമായി കാൻബറയിൽ കൂടിക്കാഴ്ച നടത്തി. അദ്ദേഹം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആശംസ ഓസ്ട്രേലിയൻ പ്രധാനമന്ത്രിയെ അറിയിച്ചു. ഇന്ത്യ-ഓസ്ട്രേലിയ സമഗ്ര തന്ത്രപരമായ പങ്കാളിത്തം ഊട്ടിഉറപ്പിക്കുന്നതിനുള്ള ഓസ്ട്രേലിയൻ പ്രധാനമന്ത്രിയുടെ മാർഗ്ഗനിർദ്ദേശം മൂല്യവത്താണെന്ന് ശ്രീ ജയ്ശങ്കർ സമൂഹ മാധ്യമ പോസ്റ്റിൽ പറഞ്ഞു. ഓസ്ട്രേലിയ-ഇന്ത്യ പാർലമെൻ്ററി സൗഹൃദ ഗ്രൂപ്പിലെ അംഗങ്ങളുമായും ന്യൂസിലൻഡ് വിദേശകാര്യ

മന്ത്രി വിൻസ്റ്റൺ പീറ്റേഴ്സുമായും ശ്രീ. ജയ്ശങ്കർ കൂടിക്കാഴ്ച നടത്തി. യു എ ഇ വിദേശകാര്യ മന്ത്രി ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് ബിൻ സുൽത്താൻ അൽ നഹ്യാനുമായും വിദേശകാര്യ മന്ത്രി കാൻബറയിൽ കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&

**VEENA GEORGE**

സംസ്ഥാനത്തെ 653 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് സംവിധാനം സജ്ജമായതായി മന്ത്രി വീണാ ജോർജ്. ക്യൂ നിൽക്കാതെ ആശുപത്രി അപ്പോയ്ൻറ്മെൻറ് വേഗത്തിൽ എടുക്കാനുള്ള സംവിധാനമാണിത്. മുഴുവൻ ആശുപത്രികളിലും ഇ ഹെൽത്ത് സംവിധാനം നടപ്പിലാക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**SPECIAL TRAINS-DELHI**

ഛഠ് പൂജയോടനുബന്ധിച്ച് ഡൽഹിയിൽ നിന്ന് രാജ്യത്തിന്റെ കിഴക്കൻ മേഖലകളിലേക്ക് 25 ഓളം സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തുന്നു. ഈ മാസം 30 വരെ 7,000 ത്തോളം പ്രത്യേക ട്രെയിനുകളാണ് സർവ്വീസ് നടത്തുന്നത്.

&&&&&&&&&&&&&&&&&&

**ISL**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് എഫ് സി ഗോവ പഞ്ചാബ് എഫ് സി പോരാട്ടം. ഗോവയിലെ ഫത്തോർദ സ്റ്റേഡിയത്തിലാണ് മത്സരം നടക്കുന്നത്.

&&&&&&&&&&&&&&&&&&

**SUPER LEAGUE KERALA**

സൂപ്പർ ലീഗ് കേരള ഫുട്ബോൾ രണ്ടാംസെമിയിൽ ഇന്ന് കണ്ണൂർ വാരിയർസ് ഫോഴ്സ് കൊച്ചി പോരാട്ടം. കോഴിക്കോട് ഇ.എം.എസ്.കോർപറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

**JEDDAH - IPL AUCTION 2025**

ഐ പി എൽ ക്രിക്കറ്റ് 2025 മെഗാ താര ലേലം ഈ മാസം 24, 25 തീയതികളിൽ സൗദി അറേബ്യയിലെ ജിദ്ദയിൽ നടക്കും. ജിദ്ദയിലെ Abady Al Johar Arena യിലാണ് ലേലം. 1,574 താരങ്ങളാണ് ലേലത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിൽ 1,165 ഇന്ത്യൻ താരങ്ങളും 409 അന്താരാഷ്ട്ര താരങ്ങളും ഉൾപ്പെടുന്നു.

&&&&&&&&&&&&&&&&&&

**AWARENESS CLASS**

പൊതുജനങ്ങൾക്കും രക്ഷിതാക്കൾക്കും കാൻസർ ബോധവത്കരണ ക്ലാസും സൗജന്യ വൈദ്യപരിശോധനയും നാളെ തിരുവനന്തപുരം മോഡൽ സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. രാവിലെ 9.30 മുതൽ 3.30 വരെയാണ് ക്യാമ്പ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കാണ് ക്യാമ്പിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നത് .

&&&&&&&&&&&&&&&&&&

**KARNATAKA- MUDA CASE**

മുഡ അഴിമതിക്കേസിൽ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ ഇന്ന് മൈസൂരുവിൽ അന്വേഷണ സംഘത്തിന് മുന്നിൽ ഹാജരായി. അഴിമതി, വഞ്ചന, വ്യാജ അധാര നിർമാണം, എന്നീ വകുപ്പുകൾ ചുമത്തിയാണ് കേസ്. മൈസൂരു വികസന അതോറിട്ടി ഭവന നിർമാണത്തിന് സിദ്ധരാമയ്യയുടെ ഭാര്യ പാർവ്വതിയുടെ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ടാണ് കേസ്. ഭവന നിർമാണ പദ്ധതിക്കായി സിദ്ധരാമയ്യയുടെ ഭാര്യയുടെ പേരിലുണ്ടായിരുന്ന 3.16 ഏക്കർ ഭൂമി ഏറ്റെടുത്തതിന് നഷ്ടപരിഹാരമായി കൂടുതൽ തുക അനുവദിച്ചതിനെക്കുറിച്ചാണ് അന്വേഷണം.

&&&&&&&&&&&&&&&&&&

**SENSEX+ GOLD**

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 901 പോയിൻറ് ഉയർന്ന് 80,378 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 271 പോയിൻറ് വർധിച്ച് 24,484 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവിലയിൽ വർധന. പവന് 80 രൂപ വർധിച്ച് 58,920 ഗ്രാമിന് 7,365 രൂപയുമാണ് വില.

&&&&&&&&&&&&&&&&&&

**IFFI-GOA**

55-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് ഈ മാസം 20 ന് തുടക്കമാകും. 9 ദിവസത്തെ ചലച്ചിത്ര മേളയിൽ നവംബർ 24 വരെ നീളുന്ന ഫിലിം ബസാറിന്റെ 18-ാം പതിപ്പും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തവണ ഫിലിം ബസാർ Viewing Room-ൽ 208 സിനിമകൾ പ്രദർശിപ്പിക്കുമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. ഈ മാസം 21 മുതൽ 24 വരെ Viewing room സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്.

&&&&&&&&&&&&&&&&&&

**TELANGANA - CASTE SURVEY**

തെലങ്കാനയിൽ വീടുതോറുമുള്ള സമഗ്ര കുടുംബ സർവേയ്ക്ക് തുടക്കമായി. ജനങ്ങളുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, തൊഴിൽ, രാഷ്ട്രീയ, ജാതി തുടങ്ങിയവ രേഖപ്പെടുത്തുകയാണ് സർവ്വെയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&